ശ്രീ. പി. നാണു : ടെക്സ്റ്റ്ബുക്കു് കമ്മിറ്റിയിൽ പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിനെപ്പറ്റി അഭിപ്രായം പറയുവാൻ ഡയറക്ടർക്കു് അവകാശമുണ്ടായിരുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള : ടെക്സ്റ്റ്ബുക്കു് കമ്മിറ്റിയിൽ അദ്ദേഹം അംഗമായിരുന്നു.

ശ്രീ. പി. നാണു : പുസ്തകം തെരഞ്ഞെടുക്കുന്ന വിഷയത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായം സ്വീകരിച്ചിട്ടുണ്ടോ എന്നാണു് എന്റെ ചോദ്യം?

ശ്രീ. ടി. കെ. നാരായണപിള്ള : അദ്ദേഹവും കമ്മിറ്റിയിൽ ഉണ്ടായിരുന്നു. ആ സ്ഥിതിക്കു് അദ്ദേഹത്തിന്റെ അഭിപ്രായവും ആ സംഗതിയിൽ പ്രകടമായിട്ടുണ്ടു്.

ശ്രീ. പി. നാണു : കമ്മിറ്റിയിൽ അദ്ദേഹം അംഗമായിരിക്കരുതു് എന്നുവല്ല നിർദ്ദേശവും കൊടുത്തിരുന്നോ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെ യാതൊരു നിർദ്ദേശവും കൊടുത്തിട്ടില്ല. പല കമ്മിറ്റികളിലും അദ്ദേഹം അംഗമായിരുന്നു.

ശ്രീ. ഈപ്പൻ അറയ്ക്കൽ : സ്വീകരിക്കേണ്ട പുസ്തകങ്ങൾ ഇന്നതെല്ലാമാണെന്നു നിശ്ചയിക്കുന്നതു ടെക്സ്റ്റ്ബുക്കു് കമ്മിറ്റിയിലെ അംഗങ്ങൾ എല്ലാം കൂടിച്ചേർന്നിരുന്നു ചർച്ചനടത്തിയതിനുശേഷമാണോ?

ശ്രീ. ടി. കെ. നാരായണപിള്ള : കമ്മിറ്റി അംഗങ്ങൾ പരിശോധിച്ചു് ചില പുസ്തകങ്ങൾ അംഗീകരിക്കും. അതിനുശേഷം ഗവണ്മെണ്ടു അതിൽനിന്നും അവസാനമായി ആവശ്യമുള്ള പുസ്തകങ്ങൾ തെരഞ്ഞെടുക്കും.

ശ്രീ. എസ്സ്. കുട്ടൻ : പുസ്തകം തെരഞ്ഞെടുത്ത അവസരത്തിൽ ഡയറക്ടർ കൂടി സന്നിഹിതനായിരുന്നു എന്നു പറയുകയുണ്ടായി. ഡയറക്ടർക്കു് അറിഞ്ഞുകൂടാത്ത ഭാഷയിൽ രചിച്ചിട്ടുള്ള ഏതെങ്കിലും പുസ്തകം തെരഞ്ഞെടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഡയറക്ടർ മാത്രമായിട്ടല്ല പുസ്തകം തെരഞ്ഞെടുത്തിട്ടുള്ളതു്.

GRANT FOR MINOR IRRIGATION WORKS

*149. [10] **Sri. P. S. Nataraja Pillai:** Will the Hon'ble Minister for Finance and Revenue be pleased to state the amount of grant given by Government of India for Minor Irrigation Works in 1949 and 1950 and the amount surrendered under this head in 1949 and the amount spent up to the end of September 1950 out of the 1950 grant?

ധനകാര്യവും റവന്യൂവും വകുപ്പു് മന്ത്രി (ശ്രീ. എ. ജെ. ജാൺ) : ഈ ചോദ്യത്തിനു് ഉത്തരം തയ്യാറായിട്ടില്ല.

DEATHS DUE TO STARVATION

*150. [11] **Sri. A. M. Thomas:** Will the Hon'ble Minister for Civil Supplies be pleased to state.—

(*a*) has any death due to starvation been reported from any part of the State this year; and

(*b*) if so, how many and from where?

ചീഫു് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly